# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
2012 ഡിസംബർ 17, തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 371)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| മുഖ്യമന്ത്രി | 1750 മുതൽ 1849 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | 1850 മുതൽ 1932 വരെ |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | 1933 മുതൽ 1977 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | 1978 മുതൽ 2120 വരെ |

## റദ്ദാക്കപ്പെടുന്ന എയർ ഇന്ത്യാ വിമാന സർവ്വീസുകൾ

1750 **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശത്തുള്ള കേരളീയരിൽനിന്ന് എത്രകോടി രൂപയാണ് ഈ സാമ്പത്തിക വർഷം ഇതുവരെ കേരളത്തിന് ലഭ്യമായതെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ വിവിധ വിമാനത്താവളങ്ങളിൽനിന്ന് എത്ര സർവ്വീസുകളാണ് ഇപ്പോൾ ഗൾഫ് രാജ്യങ്ങളിലേക്കുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ എയർ ഇന്ത്യ എത്ര സർവ്വീസുകൾ നടത്തുന്നുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഇതിൽ എത്ര സർവ്വീസുകൾ ഈ സാമ്പത്തികവർഷം ഇതുവരെയായി റദ്ദാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഇ) ഇതിനെതിരെ പ്രതികരിക്കുന്ന യാത്രക്കാർക്ക് എതിരെ കേസെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

**കേരള നിയമസഭ**
**17.12.2012–ലെ മറുപടിക്ക്**

| | |
|---|---|
| (എഫ്) | എന്ത് നടപടികളാണ് ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കാമോ? |

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>ജൈവ വൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളുടെ രൂപീകരണം</u>

1751 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവവൈവിധ്യമാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് ഇത്തരം കമ്മിറ്റികൾ പ്രവർത്തിക്കാനുദ്ദേശിക്കുന്നത്;

(സി) കമ്മിറ്റികളുടെ പ്രാഥമിക കർത്തവ്യങ്ങൾ എന്തെല്ലാം;

(ഡി) പ്രദേശിക ജൈവ വൈവിധ്യം വികസിപ്പിക്കുന്നതിനും ഫണ്ടുകൾ സമാഹരിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് കമ്മിറ്റികൾക്ക് ചെയ്യാൻ കഴിയുന്നത്?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

ജനശ്രീ മൈക്രോഫിൻ കമ്പനി

1752

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനശ്രീ മൈക്രോഫിൻ കമ്പനിയുടെ ആസ്തികൾ പ്രിയദർശിനി പ്രൈവറ്റ് ലിമിറ്റഡ് എന്ന കടലാസ് കമ്പനിക്ക് പണയപ്പെടുത്തിയ സംഭവത്തെക്കുറിച്ച് അന്വേഷണം നടക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്; ഇനി ഏതെങ്കിലും രീതിയിൽ അന്വേഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>വീണ്ടും ജനസമ്പർക്ക പരിപാടി</u>

1753 ശ്രീ. സി. എഫ്. തോമസ്
'' മോൻസ് ജോസഫ്
'' റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ജനസമ്പർക്ക പരിപാടി' വീണ്ടും നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) സാധാരണക്കാർക്ക് വലിയതോതിൽ ഗുണകരമായ ജനസമ്പർക്ക പരിപാടിയിൽ നടപ്പിലാക്കിയ രീതിയിൽ ജനങ്ങളുടെ ദീർഘനാളുകളായ പരാതികൾക്ക് പരിഹാരം കാണുവാൻ നടപടികൾ ഉണ്ടാകുമോ;

(സി) ജനപ്രതിനിധികളുടെ നേതൃത്വത്തിൽ എല്ലാ വർഷവും ഇത്തരം ജനസമ്പർക്ക പരിപാടി നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടിയിലൂടെ ചേർത്തല താലൂക്കിൽ ലഭിച്ച അപേക്ഷകളും തീർപ്പാക്കൽ നടപടികളും</u>

1754 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയിലൂടെ ലഭിച്ചിരുന്ന എല്ലാ അപേക്ഷകളിലും ഇതിനോടകം തീർപ്പുണ്ടായോ എന്നു വ്യക്തമാക്കാമോ;

(ബി) ജനസമ്പർക്കപരിപാടിയിലൂടെ ചേർത്തല താലൂക്കിൽ ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പായിട്ടുണ്ടോ എന്ന് പറയാമോ; ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകൾ എത്രയാണെന്നും ഏതെല്ലാം വിഭാഗത്തിലുള്ള അപേക്ഷകളാണ് പൂർണ്ണമായ അർത്ഥത്തിൽ തീർപ്പായതെന്നും വ്യക്തമാക്കാമോ;

(സി) ഭൂമി സംബന്ധമായ അളവുകൾ, റവന്യു രേഖകളിലെ പിശകുകൾ തിരുത്തൽ, പോക്കുവരവ്, അതിർത്തി തർക്കങ്ങൾ, കെട്ടിടനികുതി സംബന്ധിച്ച പ്രശ്നങ്ങൾ തുടങ്ങിയ സ്വഭാവത്തിലുള്ളതും ദീർഘകാലമായി പരിഹരിക്കപ്പെടാതിരുന്നതുമായ എത്ര കേസുകളാണ് ചേർത്തല താലൂക്കിൽ ജനസമ്പർക്ക പരിപാടിയിലൂടെ പരിഹരിക്കപ്പെട്ടത് എന്ന് വ്യക്തമാക്കുമോ; വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) ജനസമ്പർക്ക പരിപാടികളിലൂടെ നൽകിയ അപേക്ഷകൾക്കുശേഷമുള്ള മറ്റ് അപേക്ഷകൾ എല്ലാ ഓഫീസുകളിലും ധ്രുതഗതിയിൽ തീർപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്ക പരിപാടിയും ഉദ്യോഗസ്ഥൻമാരുടെ റിവ്യൂ കമ്മിറ്റികളും</u>

1755 ശ്രീ. തോമസ് ചാണ്ടി
,, എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികളിൽ ഇനിയും തീർപ്പുകല്പിക്കാത്തവയെ സംബന്ധിച്ച് ജില്ല തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ പരാതികൾ പരിഹരിക്കുന്നതിനുളള ഉദ്യോഗസ്ഥന്മാരുടെ റിവ്യൂ കമ്മിറ്റികൾ എല്ലാ ജില്ലകളിലും എത്ര തവണ വീതം കൂടിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പൊതുജന സമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് റിവ്യൂ കമ്മിറ്റികൾക്ക് നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>ഡോ. പ്രഭാകരൻ കമ്മീഷൻ ശുപാർശകൾ</u>

1756 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡോ. പ്രഭാകരൻ കമ്മീഷന്റെ ശുപാർശകളിമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയുടെ സമഗ്രപുരോഗതി ലക്ഷ്യമാക്കിയിട്ടുള്ള പ്രസ്തുത ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>പെൻഷൻ പ്രായം</u>

1757

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളിൽ നിന്നും പിന്തിരിയണമെന്ന യുവജനസംഘടനകളുടെ അഭിപ്രായം പരിഗണിക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>സപ്തധാരാ പദ്ധതി</u>

1758 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 നവംബർ 1 ന് മുഖ്യമന്ത്രി പ്രഖ്യാപിച്ച സപ്തധാര കർമ്മ പദ്ധതികളിൽ നാളിതുവരെ നടപ്പിലാക്കാൻ സാധിക്കാതെ വന്നത് ഏതൊക്കെയാണെന്ന് വിശദമാക്കാമോ; ഇവയിൽ പ്രവർത്തനോദ്ഘാടനം കഴിഞ്ഞവ ഏതെല്ലാം;

(ബി) പൂർത്തിയാക്കിയ പദ്ധതികൾക്കായി ചെലവായ തുക എത്ര; ഈ തുക വാർഷിക ബഡ്ജറ്റിന് പുറത്ത് സമാഹരിക്കപ്പെട്ടതാണോ;

(സി) വാർഷിക ബഡ്ജറ്റിലെ പദ്ധതികളും സപ്തധാര പദ്ധതികളും വേറിട്ടതാണോ; ബഡ്ജറ്റിൽ പണം വകയിരുത്തപ്പെട്ട പദ്ധതികൾ തന്നെയാണോ സപ്തധാരാ പദ്ധതി എന്ന പേരിലും അറിയപ്പെടുന്നത്; വിശദമാക്കാമോ;

(ഡി) സപ്തധാരാ പദ്ധതിയുടെ പ്രവർത്തന പുരോഗതി റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>സപ്തധാര പദ്ധതികൾ</u>

1759 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ ഓരോ വകുപ്പിലും ഒരു വർഷത്തിനുള്ളിൽ സപ്തധാരാ പദ്ധതിയിലുൾപ്പെടുത്തി ഏതെല്ലാം കർമ്മപരിപാടികളാണ് പൂർത്തീകരിച്ചത്; ബാക്കി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കും;

(ബി) സപ്തധാര പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് സമയബന്ധിത പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ;

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>ഹരിത സാങ്കേതിക കേന്ദ്രങ്ങൾ</u>

1760 ശ്രീ. സണ്ണി ജോസഫ്
,, എം. എ വാഹീദ്
,, റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിത സാങ്കേതിക കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പരിസ്ഥിതിക്ക് യോജിച്ച സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കാനും നടപ്പിലാക്കാനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിയുടെ നേതൃത്വവും നടത്തിപ്പും ആർക്കാണ് നൽകിയിരിക്കുന്നത്;വിശദമാക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ വിലവര്‍ദ്ധനവ്</u>

1761 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വിലവര്‍ദ്ധനവ് അനുഭവപ്പെടുന്നുണ്ടോ ; എങ്കില്‍ എത്രത്തോളമെന്ന് വ്യക്തമാക്കുമോ ;

(ബി) വിലവര്‍ദ്ധനവ് തടയുന്നതിന് നീക്കിവെച്ചിട്ടുള്ള തുക എത്രയാണ് ;

(സി) 2010–11, 2011–12 വര്‍ഷങ്ങളില്‍ എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത് ; എത്ര ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) 2012–13 ല്‍ നീക്കിവെച്ച തുക എത്രയാണ് ; അതില്‍ എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>ബഹുജനസമരങ്ങൾ</u>

1762 ശ്രീ. എം.എ. ബേബി
,, എ.കെ. ബാലൻ
,, പുരുഷൻ കടലുണ്ടി
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലെ കേന്ദ്രസർക്കാരിന്റെ വിവിധ നടപടികൾക്കെതിരെ സംസ്ഥാനത്തുയർന്നുവരുന്ന ബഹുജനസമരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡീസൽ പെട്രോൾ വില വർദ്ധനവ് പാചകവാതകസിലിണ്ടർ പരിമിതപ്പെടുത്തൽ, രാസവളങ്ങളുടെ ഉൾപ്പെടെ സബ്സിഡികൾ എടുത്തുകളഞ്ഞ നടപടി തുടങ്ങിയവ പ്രസ്തുത സമരങ്ങൾക്ക് ഹേതുവാകുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രക്ഷോഭങ്ങൾ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്താതിരിക്കാൻ തയ്യാറാകുമോ;

(ഡി) ബഹുജനസമരങ്ങളിൽ ഏർപ്പെട്ടതിന്റെ പേരിൽ അറസ്റ്റു ചെയ്തു നീക്കിയവരുടെ എണ്ണം സംബന്ധിച്ച് ലഭ്യമായ കണക്കുകൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>സർക്കാർ ഓഫീസുകൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുവാൻ നടപടി</u>

1763 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഓഫീസുകളുടെ പുനഃക്രമീകരണം ശാസ്ത്രീയ പഠനത്തിന് വിധേയമാക്കുമോ ;

(സി) ഇതിനായി ഒരു കമ്മീഷനെ നിയമിക്കുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

അഴിമതി രഹിതമാക്കാൻ നടപടി

1764 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഴിമതിയില്ലാതാക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; അഴിമതിക്കാരായ എത്ര സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തു എന്നു വിശദമാക്കുമോ ;

(ബി) ചില പ്രത്യേക സ്വഭാവമുള്ള ജോലികളുമായി ബന്ധപ്പെട്ടാണ് കൈക്കൂലിയും അഴിമതിയും നടക്കുന്നത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത്തരം ജോലികളുമായി ബന്ധപ്പെട്ട് അഴിമതിയും കൈക്കൂലിയും ഒഴിവാക്കി സുതാര്യവും കാര്യക്ഷമവുമായ സേവനം ജനങ്ങൾക്ക് ലഭിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

ഐ.എസ്.ആര്‍.ഒ. ചാരക്കേസ്സ്

1765 ശ്രീ. എം.എ. ബേബി
'' കെ.വി. അബ്ദുള്‍ ഖാദര്‍
'' എ. പ്രദീപ്കുമാര്‍
'' കെ. സുരേഷ്കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഐ.എസ്.ആര്‍.ഒ. ചാരക്കേസ്സില്‍ കുറ്റക്കാരാണെന്ന് സി.ബി.ഐ. കണ്ടെത്തിയ ഉദ്യോഗസ്ഥര്‍ക്കെതിരെ നടപടി വേണ്ടെന്ന് വെച്ച തീരുമാനം പുനഃപരിശോധിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത ആവശ്യം മുന്‍ മുഖ്യമന്ത്രി കെ. കരുണാകരന്റെ കുടുംബം ഒരു കത്തിലൂടെ സര്‍ക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; ആവശ്യത്തിന്മേല്‍ നല്‍കിയ മറുപടി വിശദമാക്കുമോ ; കുടുംബാംഗങ്ങള്‍ മുഖ്യമന്ത്രിക്ക് നല്‍കിയ കത്ത് ലഭ്യമാക്കുമോ ;

(സി) ചാരക്കേസ്സില്‍ തുടര്‍ നടപടി സംബന്ധിച്ച് നിയമോപദേശം തേടുകയുണ്ടായോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

തലസ്ഥാന വികസന സമിതി

1766 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരവികസനത്തിനുവേണ്ടി മുഖ്യമന്ത്രി അധ്യക്ഷനായി രൂപീകരിച്ച സമിതി എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചത് എന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സമിതി എത്ര തവണ യോഗം ചേർന്നിട്ടുണ്ടെന്നും പ്രസ്തുത യോഗങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>വകുപ്പുകളുടെ വെബ്സൈറ്റ് സംവിധാനം</u>

1767

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റ് വഴി പ്രസിദ്ധീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) നിലവിൽ എത്ര വകുപ്പുകൾക്ക് വെബ്സൈറ്റ് സംവിധാനം ഉണ്ട് എന്ന് വിശദമാക്കുമോ;

(സി) മിക്ക വകുപ്പുകളുടെ വെബ്സൈറ്റുകളും യഥാസമയം അപ്ഡേറ്റ് ചെയ്യപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആയവ അപ്ഡേറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ;

(ഇ) വെബ്സൈറ്റ് സംവിധാനം ഇല്ലാത്ത വകുപ്പുകളിൽ അത് നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>പരമ്പരാഗത കൃഷികൾ പുനരുദ്ധരിക്കാൻ പദ്ധതികൾ</u>

1768 ശ്രീ. വി. ഡി. സതീശൻ
'' ഐ. സി. ബാലകൃഷ്ണൻ
'' എ. റ്റി. ജോർജ്
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത കൃഷികൾ പുനരുദ്ധരിക്കാൻ കെ.എസ്.ബി.ബി എന്തെല്ലാം പദ്ധതികളാണ് ആലോചിച്ചിട്ടുള്ളത് വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പശ്ചിമഘട്ടത്തിന് ഐക്യരാഷ്ട്ര സഭ ലോക ഹെറിറ്റേജ് സൈറ്റ് സ്റ്റാറ്റസ് നൽകിയതു വഴി ഈ മേഖലയെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ സാമ്പത്തിക സഹായത്തിനായി യനെസ്ക്കോയെ സമീപിക്കുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം</u>

1769 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം നടപ്പിലാക്കിയതിലൂടെ ഉണ്ടായ നേട്ടങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) പല ഓഫീസുകളിലും നിയമത്തിൽ പ്രതിപാദിക്കുന്നതുപോലെ സേവനം നൽകാനുള്ള ഭൗതിക സാഹചര്യം ഇല്ലായെന്ന് ബോധ്യമായിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>പൗരാവകാശരേഖ</u>

1770 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ എല്ലാ വകുപ്പുകളും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) നിലവിൽ എത്ര വകുപ്പുകളിൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ലാത്ത വകുപ്പുകളിൽ സമയബന്ധിതമായി പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നതിനുള്ള അടിയന്തിര നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

## ചെന്നൈയിലെ കേരള ഹൗസ്

1771 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് ചെന്നൈയിൽ കേരള ഹൗസ് നിലവിലുണ്ടോ; എങ്കിൽ എവിടെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേരള ഹൗസിൽ എത്ര മുറികളാണുളളത്;

(സി) സംസ്ഥാനത്തെ എം.എൽ.എ. മാരും സർക്കാർ ജീവനക്കാരും ചെന്നൈയിലെ കേരള ഹൗസിൽ താമസിക്കുന്നതിന് മുറി ബുക്ക് ചെയ്യുവാൻ എവിടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്;

(ഡി) എത്ര മുറികളാണ് ഇവർക്കായി നീക്കിവച്ചിരിക്കുന്നത്; എത്ര രൂപയാണ് ഒരു മുറിക്ക് ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

നിയോജകമണ്ഡലങ്ങളിലെ വികസന പ്രവര്‍ത്തനങ്ങള്‍

1772 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 21.11.2011-ലെ പെതുഭരണ ഏകോപന വകുപ്പിന്റെ 77369/സി.ഡി.എന്‍.4/11/പൊഭ/സര്‍ക്കുലര്‍ പ്രകാരം നിയോജകമണ്ഡലങ്ങളില്‍ നടപ്പിലാക്കുന്ന വികസന പ്രവര്‍ത്തനങ്ങള്‍ എം.എല്‍.എ.മാരെ അറിയിക്കുന്നതിന് നിര്‍ദ്ദേശം ഉണ്ടായിട്ടും വകുപ്പ് തലവന്മാര്‍ നിര്‍ദ്ദേശം പാലിക്കാത്തത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) വികസന പ്രവര്‍ത്തനങ്ങള്‍ സംബന്ധിച്ച് സര്‍ക്കാര്‍ ഉത്തരവുകളും നടപടിക്രമങ്ങളും എം.എല്‍.എ.മാരെ സമയബന്ധിതമായി അറിയിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സര്‍ക്കുലര്‍ പാലിക്കാത്ത വകുപ്പുകള്‍ക്കും വകുപ്പ് തലവന്മാര്‍ക്കും എതിരെ വകുപ്പ്തലത്തില്‍ നടപടിക്ക് നിര്‍ദ്ദേശം നല്‍കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>വകുപ്പ് മേധാവികളുടെ അഭാവം</u>

1773 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പല വകുപ്പുകളിലും നിലവിൽ വകുപ്പു മേധാവികളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ഒഴിവുകൾ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>അന്താരാഷ്ട്ര വ്യാപാര മേളയിലെ കേരള ഭക്ഷണശാല നടത്തിപ്പ്</u>

1774 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 നവംബർ മാസത്തിൽ ദില്ലിയിൽ നടന്ന അന്താരാഷ്ട്ര വ്യാപാര മേളയിലെ കേരള ഭക്ഷണശാല നടത്തിപ്പ് ആർക്കാണ് നൽകിയിരുന്നത് ; വ്യക്തമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് പരാതി എന്തെങ്കിലും ഉയർന്നുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന് ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ; വിശദമാക്കുമോ ;

(ഡി) ഈ വ്യാപാരമേളയിൽ ഭക്ഷണശാല സ്ഥാപിക്കുന്നതിന് കുടുംബശ്രീയോടോ, കെ.ടി.ഡി.സി യോടോ ആവശ്യപ്പെട്ടിരുന്നോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>വ്യത്യസ്ത തിരിച്ചറിയല്‍ കാര്‍ഡുകള്‍ ഏര്‍പ്പെടുത്തുകവഴി ഉണ്ടായ ആശങ്കകള്‍ ദൂരീകരിക്കുവാന്‍ നടപടി</u>

1775 ശ്രീ. റ്റി.എ. അഹമ്മദ് കബീര്‍
,, പി. ഉബൈദുള്ള
,, സി. മമ്മൂട്ടി
,, പി.കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വോട്ടര്‍ ഐ.ഡി, ആധാര്‍, യൂണിഫൈഡ് ഐ.ഡി. എന്നിങ്ങനെ വ്യത്യസ്ത തിരിച്ചറിയല്‍ കാര്‍ഡുകള്‍ ഏര്‍പ്പെടുത്തുകയും, അവയുടെ തയ്യാറാക്കലും, വിതരണവും, ഉപയോഗവും സംബന്ധിച്ച് സാധാരണ ജനങ്ങള്‍ക്കിടയിലെ സംശയങ്ങളും ആശങ്കകളും ദൂരീകരിക്കാന്‍ എന്തൊക്കെ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കില്‍ സംശയങ്ങളും, ആശങ്കകളും, ദൂരീകരിക്കുന്നതിനുതകും വിധത്തിലും ഇവയുടെ ഉപയോഗക്രമം സംബന്ധിച്ച് വ്യക്തത ലഭിക്കുന്നതിനും ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ;

(സി) വഴിമദ്ധ്യേ രോഗംകൊണ്ടോ, അപകടം കൊണ്ടോ അബോധാവസ്ഥയിലാകുകയോ, മരണപ്പെടുകയോ ചെയ്യുന്നവരെ, അജ്ഞാതരായി ഗണിക്കപ്പെടുന്ന അവസ്ഥ ഒഴിവാക്കാന്‍ ഏതെങ്കിലും ഒരു തിരിച്ചറിയല്‍ കാര്‍ഡ് നിര്‍ബന്ധിതമാക്കുന്ന കാര്യത്തില്‍ ആവശ്യമായ ബോധവത്ക്കരണം നടത്തുമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ പാർലമെന്റ് അംഗങ്ങളുടെ യോഗം</u>

1776 ശ്രീ. എൻ. ഷംസുദ്ദീൻ
,, എം. ഉമ്മർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വിളിച്ചുചേർത്ത സംസ്ഥാനത്തെ പാർലമെന്റ് അംഗങ്ങളുടെ കഴിഞ്ഞ യോഗത്തിൽ ചർച്ച ചെയ്ത പ്രധാന പ്രശ്നങ്ങൾ ഏതെല്ലാമായിരുന്നു എന്ന് വിശദമാക്കാമോ;

(ബി) ചർച്ച ചെയ്ത വിഷയങ്ങളിൽ ഏതെല്ലാം ധാരണയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ധാരണയായിട്ടുളളതോ തീരുമാനത്തിലെത്തിയിട്ടുള്ളതോ ആയ ഓരോ വിഷയത്തിന്റെയും തുടർ നടപടികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ;

(ഡി) യോഗത്തിൽ സംബന്ധിച്ചവരുടെ പേരുവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>കേരളത്തിലെ പ്രാദേശിക പത്രപ്രവർത്തകർക്ക്</u>
<u>പെൻഷനും ക്ഷേമനിധിയും</u>

1777 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രാദേശിക പത്രപ്രവർത്തകർക്ക് പെൻഷനും ക്ഷേമനിധിയും ഏർപ്പെടുത്തുന്നത് സംബന്ധിച്ച് കുട്ടനാട്ടിലെ പ്രാദേശിക പത്രപ്രവർത്തകർ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് കേരളത്തിലെ പ്രാദേശിക പത്രപ്രവർത്തകർക്ക് പെൻഷനും ക്ഷേമനിധിയും അനുവദിക്കുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>ഗവൺമെന്റ് ചീഫ് വിപ്പിനെതിരെയുള്ള പരാതി</u>

1778 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി.സി.ജോർജിനെതിരെ പരാതിപ്പെട്ട് കൊണ്ട് ശ്രീ. ടി.എൻ. പ്രതാപൻ എം.എൽ.എ. ഉൾപ്പെടെ എം.എൽ.എമാർ ഒപ്പിട്ട് മുഖ്യമന്ത്രിയ്ക്ക് 2012 ആഗസ്റ്റ് ആദ്യവാരത്തിൽ നല്കിയ ഹർജിയിൽ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ;

(ബി) പ്രസ്തുത ഹർജിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ശ്രീ. ടി.എൻ. പ്രതാപൻ എം.എൽ.എയെ ഗവൺമെന്റ് ചീഫ് വിപ്പ് ജാതി പറഞ്ഞ് ആക്ഷേപിച്ചതായി പരാതിപ്പെടുകയുണ്ടായോ;

(സി) പരാതിയിൽ ഒപ്പിട്ട എം. എൽ. എ.മാർ ആരൊക്കെയായിരുന്നു; വിശദമാക്കുമോ;

(ഡി) പരാതിയിന്മേൽ കേസ് റജിസ്റ്റർ ചെയ്തു അന്വേഷിക്കുകയുണ്ടായോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>എമർജിംഗ് കേരളയും സാങ്കേതിക ഉപദേശക സമിതി രൂപീകരണവും</u>

1779 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട് ബഹു: പ്രധാനമന്ത്രിയുടെ സാങ്കേതിക ഉപദേഷ്ടാവ് ശ്രീ. സാം പിത്രോഡയുടെ നിർദ്ദേശപ്രകാരം ജില്ലാ, ബ്ലോക് തലങ്ങളിൽ സാങ്കേതിക ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇത്തരം സമിതികൾ രൂപീകരിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(സി) ഈ സമിതികളുടെ സംഘാടന രീതികളും, ഘടനയും വിശദമാക്കുമോ ;

(ഡി) ഇത്തരം സമിതികൾ ഇപ്പോൾ പിരിച്ചുവിട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ എന്തുകൊണ്ടാണ് പിരിച്ചുവിട്ടത് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

എമർജിങ് കേരള – വിദേശയാത്രയ്ക്ക് ചെലവായ തുക

T 1780 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിങ് കേരള സംഘാടനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ മന്ത്രിമാരും ഉദ്യോഗസ്ഥരും വിദേശ യാത്രകൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ അവർ ആരെല്ലാ മാണ് ; ഏതൊക്കെ രാജ്യങ്ങൾ സന്ദർശിച്ചുവെന്ന് വിശ ദമാക്കാമോ ;

(ബി) ഈ വിദേശയാത്രയ്ക്ക് ഓരോ മന്ത്രിമാർക്കും, ഉദ്യോ ഗസ്ഥർക്കും സംസ്ഥാന ഖജനാവിൽ നിന്ന് ചെലവായ തുക എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>പേഴ്സണൽ സ്റ്റാഫിൽ നിന്ന് ഒഴിവാക്കപ്പെട്ടവർ</u>

1781 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മുഖ്യമന്ത്രിയുടെയും വിവിധ മന്ത്രിമാരുടെയും പെഴ്സണൽ സ്റ്റാഫിൽപ്പെട്ട എത്രപേരെ ഒഴിവാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോന്നിന്റെയും കാരണങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ ഓഫീസുകളിലെയും ഔദ്യോഗിക വസതികളിലെയും സേവന സൗകര്യങ്ങൾ</u>

1782 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഓഫീസുകളിലും ഔദ്യോഗിക വസതികളിലും തങ്ങളുടെ വകുപ്പുകളുടെയും അവയുടെ കീഴിലുള്ള സ്ഥാപനങ്ങളുടെയും വാഹനങ്ങൾ, കംപ്യൂട്ടറുകൾ തുടങ്ങിയവ ഉപയോഗിച്ചു വരുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം മന്ത്രിമാർ തങ്ങൾക്ക് സർക്കാർ നേരിട്ട് നല്കിയതല്ലാത്ത എന്തെല്ലാം സൗകര്യങ്ങൾ നിലവിൽ ഉപയോഗിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം മന്ത്രിമാരുടെ ഓഫീസുകളിൽ ഏതെല്ലാം തസ്തികകളിൽ സ്ഥിരമോ താല്കാലികമോ ആയിട്ടുള്ള ഏതെല്ലാം സർക്കാർ സംവിധാനങ്ങളിലെ ആളുകളെ വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്; ആളുകളുടെ പേര്, തസ്തിക, സ്ഥാപനങ്ങൾ തുടങ്ങിയ വിവരം വിശദമാക്കാമോ ;

(ഡി) പ്രസ്തുത നിലയിലുള്ള ഉപയോഗങ്ങൾ നിയമാനുസൃതമാണോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ വാഹനങ്ങൾ</u>

1783 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം മന്ത്രിമാർക്ക് വേണ്ടി ഏതെല്ലാം വാഹനങ്ങൾ വാങ്ങിയെന്നും ഇതിനോരോന്നിനും ചെലവായ തുകയും വ്യക്തമാക്കുമോ;

(ബി) പുതിയ വാഹനം വാങ്ങുന്നതിനായി ഏതെങ്കിലും മന്ത്രിമാർ ആവശ്യമുന്നയിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെ; ഏത് വാഹനത്തിന്;

(സി) സർക്കാർ വകുപ്പുകളിലേക്കും പൊതു മേഖലാ സ്ഥാപനങ്ങളിലേക്കും ചെലവ് ചുരുക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി പുറപ്പെടുവിച്ച ഉത്തരവ് വിശദമാക്കാമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ വിദേശസന്ദർശനം</u>

1784 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ മന്ത്രിയും നടത്തിയ വിദേശ സന്ദർശനങ്ങളിൽ ഓരോ സന്ദർശനത്തിലും എത്ര ദിവസം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സന്ദർശനത്തിനും മന്ത്രിയ്ക്കും കൂടെയുളള സംഘത്തിനുമായി ചെലവഴിക്കപ്പെട്ട തുക എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ വിമാനയാത്രയും വിദേശയാത്രയും</u>

1785 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ജനുവരി മുതൽ സംസ്ഥാനത്തെ എത്ര മന്ത്രിമാർ വിദേശയാത്ര നടത്തിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) സർക്കാർ ആവശ്യത്തിലേക്കാണോ വിദേശയാത്രകൾ നടത്തിയിട്ടുളളത്;

(സി) ഈ ഇനത്തിൽ സർക്കാരിനു ചെലവായിട്ടുളള തുക എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) രാജ്യത്തിനകത്തു മന്ത്രിമാർ വിമാനയാത്ര നടത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ മുഖ്യമന്ത്രി ഉൾപ്പെടെ ഓരോരുത്തരും നടത്തിയ വിമാനയാത്രയും ആയതിന് സർക്കാരിനുണ്ടായ ചെലവുകളുടെയും വിവരം നൽകുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ ഔദ്യോഗിക ചെലവുകൾ</u>

1786 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ മന്ത്രിമാർക്ക് എത്ര പുതിയ വാഹനങ്ങൾ വാങ്ങി; ആയതിലേക്ക് ഓരോരുത്തർക്കും ഇതുവരെ ചെലവഴിച്ച തുക എത്ര ; ഏത് തരത്തിലുള്ള വാഹനമാണ് ഓരോരുത്തരും ഉപയോഗിക്കുന്നത് ; വ്യക്തമാക്കുമോ ;

(ബി) മുഖ്യമന്ത്രി ഉൾപ്പെടെ എല്ലാ മന്ത്രിമാരുടെയും ഓഫീസിന്റെയും ആവശ്യാർത്ഥം എത്ര വാഹനങ്ങൾ വീതമാണ് ഇപ്പോൾ ഉപയോഗിക്കുന്നത്; അതിലേക്ക് പ്രതിമാസം ഓരോ മന്ത്രിയും സംസ്ഥാന ഖജനാവിൽ നിന്നും ശരാശരി ചെലവഴിക്കുന്ന തുക എത്ര ; 2012 നവംബർ 30 വരെ എത്ര കോടി രൂപ ഈയിനത്തിൽ ചെലവഴിച്ചു ; വ്യക്തമാക്കുമോ ;

(സി) മുഖ്യമന്ത്രി ഉൾപ്പെടെ സംസ്ഥാനത്തെ മന്ത്രിമാർ വൈദ്യുതിയിനത്തിൽ 2012 സെപ്തംബർ 1 മുതൽ നവംബർ 30 വരെ മന്ത്രി വസതികളിൽ ചെലവഴിച്ച വൈദ്യുതി എത്ര യൂണിറ്റ് ആണ് ; അതുവഴി ചെലവഴിച്ച തുക എത്ര ; തരം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) മുഖ്യമന്ത്രി ഉൾപ്പെടെ സംസ്ഥാനത്തെ ഓരോ മന്ത്രിമാരും അവരുടെ കുടുംബാംഗങ്ങളും 2012 നവംബർ 30 വരെ മെഡിക്കൽ റീഇംബേഴ്സ് ഇനത്തിൽ എന്ത് തുക കൈപ്പറ്റി; വിശദമാക്കുമോ ;

(ഇ) മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിയും 2012 നവംബർ 30 വരെ ടി. എ., ഡി. എ. ഇനത്തിൽ എത്ര തുക കൈപ്പറ്റിയെന്ന് വ്യക്തമാക്കുമോ ;

(എഫ്) വാടക കെട്ടിടങ്ങളിൽ താമസിക്കുന്ന ഏതൊക്കെ മന്ത്രിമാർക്ക് 2012 നവംബർ 30 വരെ വാടകയിനത്തിൽ എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

(ജി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 2012 നവംബർ 30 വരെ എത്ര മന്ത്രിമാർ വിദേശത്ത് ചികിത്സക്ക് പോയി ; ആരെല്ലാം ഏതെല്ലാം വിദേശ രാജ്യങ്ങളിലാണ് ചികിത്സ നടത്തിയത് ; അതുവഴി സംസ്ഥാന ഖജനാവിൽ നിന്നും ചെലവഴിച്ച തുക എത്ര ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ ഡൽഹി സന്ദർശനം</u>

1787 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ മന്ത്രിമാരും എത്ര തവണ ഡൽഹി സന്ദർശിച്ചുവെന്നുള്ളതിന്റെ വിശദാംശങ്ങൾ നൽകാമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

മന്ത്രിമാരുടെ വിദേശയാത്ര

1788 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന മന്ത്രിമാരിൽ എത്ര പേർ വിദേശയാത്ര നടത്തിയിട്ടുണ്ട്;

(ബി) ഏറ്റവുമധികം വിദേശയാത്ര നടത്തിയ മന്ത്രി ആരാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ വിദേശയാത്രകൾ</u>

1789 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതേവരെ മുഖ്യമന്ത്രിയും മന്ത്രിമാരും ഗവൺമെന്റ് ചീഫ് വിപ്പും നടത്തിയ വിദേശയാത്രകൾ ഏതൊക്കെയാണെന്നും എത്ര തവണ ഏതെല്ലാം രാജ്യങ്ങൾ സന്ദർശിക്കുകയുണ്ടായെന്നും വിശദമാക്കാമോ;

(ബി) ഓരോ യാത്രയുടേയും ഉദ്ദേശ്യം, ചെലവ്, സഹയാത്രികർ എന്നീ വിവരങ്ങൾ വശദമാക്കാമോ;

(സി) കേന്ദ്ര സർക്കാരിന്റെ അനുമതി ഇല്ലാതെ വിദേശയാത്ര നടത്തിയവർ ആരൊക്കൊ;

(ഡി) വിദേശയാത്രക്കുവേണ്ടി ഓരോരുത്തരും വിദേശ ഡോളർ ചെലവാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

കേന്ദ്ര സ്വാതന്ത്ര്യസമര സേനാനികളുടെ ആശ്രിതർക്കുള്ള പെൻഷൻ

1790 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ചാലക്കുടി കാഞ്ഞിരപ്പറമ്പിൽ മൊയ്തീന്റെ ഭാര്യ ഐഷുമ്മയ്ക്ക് കേന്ദ്ര സ്വാതന്ത്ര്യ സമര സേനാനിയുടെ ആശ്രിതർക്കുള്ള കേന്ദ്ര പെൻഷൻ ലഭിയ്ക്കുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം എൻ.എ.സി.ടി. യുടെ സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്ത് ഇവർക്ക് കേന്ദ്ര പെൻഷൻ ലഭിക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

ആലപ്പുഴ ജില്ലാ കളക്ടർ മുഖാന്തിരം പ്രോസ്പിരിറ്റി കൗൺസിൽ

1791 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി കുട്ടനാട്ടിലെ ജനങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ആലപ്പുഴ ജില്ലാ കളക്ടർ മുഖാന്തിരം പ്രോസ്പിരിറ്റി കൗൺസിലിൽ അവതരിപ്പിച്ച 62 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ രൂപരേഖയുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ സര്‍വ്വീസിലുള്ള ജീവനക്കാരുടെ എണ്ണം</u>

1792 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍ക്കാര്‍ സര്‍വ്വീസിലുള്ള ജീവനക്കാരുടെ എണ്ണം നിലവില്‍ എത്രയാണെന്ന് പറയാമോ ;

(ബി) സര്‍ക്കാര്‍ അധികാരമേറ്റശേഷം സര്‍വ്വീസിലെ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും എണ്ണം എത്രയാണ് കുറവുവന്നതെന്ന് വ്യക്തമാക്കാമോ;

(സി) ജനങ്ങളുടെ ആവശ്യങ്ങള്‍ വര്‍ദ്ധിച്ച സാഹചര്യത്തില്‍ സര്‍വ്വീസിലെ ജീവനക്കാരുടെ എണ്ണം കുറയ്ക്കുക എന്നാല്‍ ജനങ്ങള്‍ക്ക് സേവനം നല്‍കാന്‍ വിമുഖത കാണിക്കുക എന്നാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ജനങ്ങള്‍ക്ക് കൂടുതല്‍ മെച്ചപ്പെട്ട സേവനം കാലതാമസം കൂടാതെ ലഭിക്കുന്നതിന് കൈക്കൊണ്ട നടപടികള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>സർക്കാർ വകുപ്പുകളിൽ വെട്ടിക്കുറച്ച തസ്തികകൾ</u>

1793 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സർക്കാർ വകുപ്പുകളിൽ എത്ര തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം വകുപ്പുകളിലാണെന്നും വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് സർക്കാർ വകുപ്പുകളിൽ എത്ര തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്നും അത് ഏതെല്ലാം വകുപ്പുകളിലാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

## പങ്കാളിത്ത പെൻഷൻ പദ്ധതി

1794 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കാനുള്ള സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും 2013 ജനുവരി 8 മുതൽ അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാരുടെ അനിശ്ചിതകാല പണിമുടക്ക്</u>

1795 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരും അധ്യാപകരും 2013 ജനുവരി 8-ാം തീയതി മുതൽ അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിച്ചിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) "സ്റ്റാററ്യൂട്ടറി പെൻഷൻ സംരക്ഷിക്കുക" തുടങ്ങിയ ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ച് പണിമുടക്ക് ഒത്തു തീർപ്പാക്കുന്നതിന് ശ്രമിക്കുമോ;

(സി) സംസ്ഥാനത്തെ പ്രബലമായ സർവ്വീസ് സംഘടനകൾ ഏറെയും പണിമുടക്ക് പ്രഖ്യാപിച്ച സാഹചര്യത്തിൽ സംഘടനാപ്രതിനിധികളുമായി ചർച്ച ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാർക്ക് അവാർഡ്</u>

1796 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

അധ്യാപകർക്കും പോലീസ് സേനാംഗങ്ങൾക്കും സംസ്ഥാന സർക്കാർ അവാർഡു നൽകുന്നതുപോലെ മികച്ച സർക്കാർ ജീവനക്കാർക്ക് അവാർഡു നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരുടെ കോമൺ സീനിയോറിറ്റി ലിസ്റ്റ്</u>

1797 **ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരുടെ കോമൺ സീനിയോറിറ്റി ലിസ്റ്റ് പുതുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(ബി) സീനിയോറിറ്റി ലിസ്റ്റ് അടിയന്തിരമായി പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

**അശാസ്ത്രീയ പ്രവചനങ്ങൾ നടത്തുന്നവരെ നിയന്ത്രിക്കാനുള്ള നടപടി**

1798 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോകാവസാനം, സുനാമി, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ അശാസ്ത്രീയ പ്രവചനങ്ങൾ നടത്തി ജനങ്ങളെ ഭയപ്പെടുത്തുകയും അവരെ വഴിപാടിന്റെയും ഹോമത്തിന്റെയും പേരിൽ സാമ്പത്തികമായി ചൂഷണം ചെയ്യുകയും ചെയ്യുന്ന പുതിയ പ്രവാചകരും ആൾദൈവങ്ങളും വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; തെറ്റായ വിവരങ്ങൾ വിളംബരം ചെയ്ത് ജനങ്ങളെ ഭീഷണിപ്പെടുത്തുന്ന ഇത്തരം ആളുകളെ നിയന്ത്രിക്കാൻ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) മേൽപ്പറഞ്ഞ വിഭാഗത്തിൽ തെറ്റുകാരായ എത്രപേർക്കെതിരെ നിയമ നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; ഏതെല്ലാം വകുപ്പുകളാണ് ഇവർക്കെതിരെ ചുമത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

ഐ. എ. എസ്, ഐ. പി. എസ്, ഐ എഫ്. എസ് ഓഫീസേഴ്സിന്റെ സേവനം

1799 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര ഡെപ്യൂട്ടേഷനിലേക്ക് എത്ര ഐ. എ. എസ്, ഐ. പി. എസ്, ഐ. എഫ്. എസ് ഓഫീസർമാർ പോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര ഐ. എ. എസ്, ഐ. പി. എസ്, ഐ. എഫ്. എസ് ഓഫീസർമാരുടെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഓഫീസർമാർക്ക് ഒന്നിലധികം വകുപ്പുകളുടെ ചുമതലകളുണ്ടോ; വ്യക്തമാക്കുമോ; വകുപ്പ് തിരിച്ചുള്ള വിവരം നൽകുമോ; ഭരണം കാര്യക്ഷമമാക്കുവാൻ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ സംസ്ഥാനത്ത് എത്ര ഐ. എ. എസ്, ഐ. പി. എസ്, ഐ. എഫ്. എസ് ഓഫീസർമാരെയാണ് ആവശ്യമുളളതെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിൽ സംസ്ഥാനത്ത് എത്ര റിട്ടയേർഡ് ഐ. എ. എസ്, ഐ. പി. എസ്, ഐ. എഫ്. എസ് ഓഫീസർമാരാണ് ജോലിചെയ്യുന്നത്;വകുപ്പ് തിരിച്ചുളള വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>ധനകാര്യ കമ്മിഷൻ ശുപാർശ പ്രകാരമുള്ള കോടതികൾ</u>

1800 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 13-ാം ധനകാര്യ കമ്മിഷൻ ശുപാർശ പ്രകാരം ബഹു. ഹൈക്കോടതി നിർദ്ദേശിച്ച എത്ര കോടതികൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട് ; അവ ഏതുതരത്തിലുള്ളവയാണെന്നും അവ ഏതെല്ലാം സ്ഥലങ്ങളിലാണ് തുടങ്ങുന്നതെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത കോടതികൾ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>കേരള ഹൈക്കോടതി ബെഞ്ച്</u>

1801 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതി ബെഞ്ച് കോഴിക്കോട് സ്ഥാപിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ കോടതി നിർമ്മാണ പ്രവർത്തനം</u>

1802 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കോടതി സമുച്ചയത്തിൽ പുതിയ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിനുള്ള തീയതി തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇതിനായി എന്തു തുകയാണ് അനുവദിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>പുതിയ കോടതികൾ സ്ഥാപിക്കാൻ നടപടി</u>

1803 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫാസ്റ്റ്ട്രാക്ക് കോടതികളെ അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതികളാക്കാനും പുതുതായി സ്പെഷ്യൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിക്കാനും ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഏതെല്ലാം ഫാസ്റ്റ് ട്രാക്ക് കോടതികളെയാണ് അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതികളാക്കുന്നതെന്നും എവിടെയെല്ലാമാണ് പുതുതായി സ്പെഷ്യൽ ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിക്കുന്നതെന്നും വിശദമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കേണ്ടതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>അടൂരിൽ സബ്കോടതി ആരംഭിക്കുന്നതിനു നടപടി</u>

1804 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂരിൽ സബ്കോടതി ആരംഭിക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കുമോ;

(ബി) എന്നത്തേയ്ക്ക് സബ്കോടതി പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>കിളിമാനൂരിൽ സബ് കോടതി</u>

1805 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കിളിമാനൂരിൽ സബ്കോടതി തുടങ്ങുവാനുള്ള ശുപാർശകൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; ഫയൽ നമ്പർ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ കോടതി സമുച്ചയം</u>

1806 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മജിസ്ട്രേറ്റ് കോടതി പുതുക്കി പണിയുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) കോടതികൾ പ്രവർത്തിക്കുവാനുള്ള സ്ഥലസൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>പുതിയ ശാസ്ത്രീയ ആശയങ്ങൾ</u>

1807 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
'' സി. മോയിൻകുട്ടി
'' എം.പി.അബ്ദുസ്സമദ് സമദാനി
'' അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്രമേളകളിലും മറ്റും വിദ്യാർത്ഥികളും, യുവഗവേഷകരും അവതരിപ്പിക്കുന്ന പുതിയ ശാസ്ത്രീയ ആശയങ്ങൾ വിലയിരുത്താനും, പ്രായോഗികമായവയിൽ തുടർ ഗവേഷണം നടത്താനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാന സർക്കാരിന്റെ കീഴിൽ ഏതൊക്കെ സ്ഥാപനങ്ങൾ ഇത്തരം ഗവേഷണപ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട് എന്ന് വിശദമാക്കുമോ;

(സി) പാതകളിലൂടെ ഓടുന്ന വാഹനങ്ങൾ ചെലുത്തുന്ന ഗ്രാവിറ്റേഷണൽ ഫോഴ്സ് വൈദ്യുതിയാക്കി മാറ്റുന്നതിനുള്ള ഗവേഷണങ്ങൾ ഏതെങ്കിലും സ്ഥാപനത്തിൽ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആ തരത്തിലുള്ള ഗവേഷണങ്ങൾക്ക് ശാസ്ത്ര സ്ഥാപനങ്ങളെ സജ്ജമാക്കുമോ; അത്തരം ആശയങ്ങൾ അവതരിപ്പിച്ച കുട്ടികൾക്ക് അതിൽ ഭാഗഭാക്കാകാൻ അവസരം നൽകുമോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

## പ്രതിഭാ സ്കോളർഷിപ്പ് പദ്ധതി

1808 ശ്രീ. ജോസഫ് വാഴക്കൻ
,, എ. റ്റി. ജോർജ്
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രതിഭാ സ്കോളർഷിപ്പ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി വളർത്താനും ഉന്നതവിദ്യാഭ്യാസ മേഖലയിൽ ശാസ്ത്ര വിഷയങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കാനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ആരുടെ നേതൃത്വത്തിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്;

(ഡി) ഏതെല്ലാം മേഖലയിലുള്ള വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>സെസ്സ് കേന്ദ്രസർക്കാർ സ്ഥാപനമായി മാറ്റുന്നതിനുള്ള തീരുമാനം</u>

1809 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൗമശാസ്ത്ര പഠന കേന്ദ്രം കേന്ദ്ര സർക്കാർ സ്ഥാപനമായി മാറ്റുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള തീരുമാനത്തിലേക്ക് വഴി തെളിക്കാനുണ്ടായ കാരണം വെളിപ്പെടുത്തുമോ ;

(സി) കേന്ദ്രസർക്കാർ സ്ഥാപനമായി മാറുമ്പോൾ ഈ സ്ഥാപനത്തിനായി ചെലവിട്ട തുകയ്ക്കും സെസ്സ് ആസ്ഥാനത്തുള്ള ഭൂമിക്കും കെട്ടിടങ്ങൾക്കുമുള്ള കോമ്പൻസേഷനായി സംസ്ഥാനത്തിന് ലഭിക്കുന്ന തുക എത്രയാണെന്ന് പറയാമോ ;

(ഡി) കേന്ദ്രസർക്കാരിന് സ്ഥാപനം കൈമാറുമ്പോൾ ഈ സ്ഥാപനം സ്വകാര്യ സ്ഥാപനങ്ങൾക്ക് കൈമാറില്ലായെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

ഭൗമശാസ്ത്രപഠനകേന്ദ്രത്തെ കേന്ദ്രസർക്കാർ സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടി

1810 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സ്ഥാപനമായ ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ കേന്ദ്രസർക്കാർ സ്ഥാപനമാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തെ വിവിധ മേഖലകളിൽ പരിസ്ഥിതി ശാസ്ത്രഗവേഷണ സേവനങ്ങൾ ലഭ്യമാക്കുവാനുദ്ദേശിച്ച് സ്ഥാപിതമായ ഈ സ്ഥാപനം കേന്ദ്രസർക്കാരിന് കൈമാറുവാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ഡി) ഗവേഷണ സ്ഥാപനങ്ങളിൽ സ്വകാര്യമൂലധനം അനുവദിക്കാനുള്ള കേന്ദ്രനയത്തിന്റെ മറവിൽ ഈ സ്ഥാപനത്തെയും സ്വകാര്യകുത്തകകളുടെ കൈയിൽ എത്തിക്കുവാനുള്ള എന്തെങ്കിലും നീക്കം ഇതിനു പിന്നിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തിന്റെ അഭിമാനസ്ഥാപനമായ സെസ്സിനെ സംസ്ഥാന സർക്കാർ സ്ഥാപനമായിത്തന്നെ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

## ജവഹർലാൽ നെഹ്രു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

1811 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-ൽ പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ& റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ശാസ്ത്ര സാങ്കേതിക വകുപ്പിൻ കീഴിൽ കൊണ്ടുവരുന്നതിനായി സ്ഥാപന മേധാവി സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

ജെ. എൻ. റ്റി. ബി. ജി. ആർ. ഐ. താൽക്കാലിക ജീവനക്കാരുടെ നിയമനവും സ്ഥിരപ്പെടുത്തലും

1812 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലോട് ജെ. എൻ. റ്റി. ബി. ജി. ആർ. ഐ.–ൽ ഒരേ തസ്തികയിൽ ഒരേ ദിവസം താൽക്കാലിക ജോലിയിൽ പ്രവേശിച്ച ദളിത് വിഭാഗത്തിൽപ്പെട്ട ശ്രീ. ലാലൻ, ശ്രീ. ഉല്ലാസ് എന്നിവർ സ്ഥിരനിയമനം ലഭിക്കുന്നതിലേക്കായി സമർപ്പിച്ച അപേക്ഷകളിൽ ശ്രീ. ഉല്ലാസിന്റെ അപേക്ഷ മാത്രം പരിഗണിച്ചതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ;

(ബി) ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിലും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും സംവരണതത്വം പാലിക്കപ്പെടുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) പാലോട് ജെ. എൻ. റ്റി. ബിജി. ആർ. ഐ. –ൽ അനധികൃതമായി നിയമനങ്ങളും പ്രൊമോഷനുകളും നടക്കുന്നുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>കേരളത്തിന് ഐ.ഐ.ടി</u>

1813 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് ഐ. ഐ. ടി അനുവദിക്കണമെന്ന നിർദ്ദേശം കേന്ദ്ര ആസൂത്രണ കമ്മീഷൻ നിരാകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ബഹു. പ്രധാനമന്ത്രി കേരളത്തിന് ഐ.ഐ.ടി നൽകാമെന്ന് മുഖ്യമന്ത്രിയോട് ഉറപ്പ് നൽകിയതിനെ ലംഘിച്ചുകൊണ്ട് കേരളത്തിൽ ഐ.ഐ.ടി അനുവദിക്കുവാൻ അസാധാരണവും അടിയന്തിരവുമായ സാഹചര്യമില്ലായെന്ന മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ ഇപ്പോഴത്തെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഐ. ഐ.ടി സംസ്ഥാനത്തിന് കിട്ടുമെന്ന ഉറപ്പിൻമേൽ സംസ്ഥാന സർക്കാർ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ വളരെ കാലമായുള്ള പ്രസ്തുത ആവശ്യം നേടിയെടുക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വക്തമാക്കുമോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>കേരളത്തിന് ഐ.ഐ.ടി</u>

1814 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് ഐ.ഐ.ടി. അനുവദിയ്ക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തടസ്സങ്ങൾ നീക്കി ഐ.ഐ.ടി. യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

ററി.ബി.ജി. ആർ.ഐ. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഏറ്റെടുക്കുന്നതിനുള്ള ശുപാർശ

1815 ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻനായർ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ശ്രീ.പി.ജി.നാരായണൻ അദ്ധ്യക്ഷനായുള്ള പാർലമെന്റ് കമ്മിറ്റി പാലോട് ററി.ബി.ജി.ആർ.ഐ. യെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഏറ്റെടുക്കുവാൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന് എന്തെങ്കിലും അറിവുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രമോഷൻ</u>

1816 ശ്രീ.വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ചില വകുപ്പുകളിൽ മാത്രം പ്രമോഷൻ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായി സർവ്വീസിൽ പ്രവേശിക്കുന്ന എല്ലാവർക്കും അതാത് വകുപ്പുകളിൽ നിശ്ചിത ശതമാനം പ്രമോഷൻ നടപ്പിലാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

സർവ്വീസ് കണക്കാക്കി ഹയർ ഗ്രേഡ് പുന:സ്ഥാപിക്കൽ

1817 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ശമ്പള കമ്മീഷന്റെ ശുപാർശ പ്രകാരം മന്ത്രിസഭയുടെ അംഗീകാരത്തോടെ ഉത്തരവ് പുറത്തിറക്കിയശേഷം ധനകാര്യവകുപ്പിന്റെ 72006/എ.ആർ.സി.സി.3/2011 എന്ന നമ്പരിലെ അറിയിപ്പുപ്രകാരം വെട്ടിക്കുറച്ച 8500 –13210 മുതൽ 9940–16580 വരെയുള്ള ശമ്പള സ്കെയിലുകളിലെ തസ്തികകൾക്ക് അനുവദിച്ചിരിക്കുന്ന മൊത്തം സർവ്വീസ് കണക്കാക്കിയുള്ള 27 വർഷത്തിന്റെ 4–ാം ഹയർ ഗ്രേഡ് പുനഃസ്ഥാപിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ഭേദഗതി</u>

1818 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ സബോർഡിനേറ്റ് സർവ്വീസ് റൂൾ 15അ, ആ എന്നിവ പ്രകാരം പി.എസ്.സി നിയമനങ്ങളിൽ സംവരണമുള്ള കാറ്റഗറിയിൽ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ഇല്ലെങ്കിൽ രണ്ടിൽ കുറയാത്ത തവണ പ്രസ്തുത വിഭാഗക്കാർക്ക് മാത്രമായുള്ള എൻ.സി.എ. നോട്ടിഫിക്കേഷൻ നടത്തണമെന്ന റൂളിൽ ഭേദഗതി വരുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സംവരണ കാറ്റഗറിയിൽ യോഗ്യരായവരുടെ അഭാവം കാരണം രണ്ട് എൻ.സി.എ. നോട്ടിഫിക്കേഷന് ശേഷവും ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളിൽ മറ്റ് സംവരണ വിഭാഗക്കാരെ നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

ഇന്റർവ്യൂ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കുവാനുള്ള നടപടി

1819 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഴുത്ത്പരീക്ഷയില്ലാതെ, ഇന്റർവ്യൂ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കുവാൻ പി.എസ്.സി. നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) മാർക്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മാത്രം നിയമനത്തിന് പരിഗണിക്കുമ്പോൾ അന്യരാജ്യങ്ങളിൽ പഠിച്ച ഡോക്ടർമാർക്ക് നമ്മുടെ രാജ്യത്ത് പഠിച്ച ഡോക്ടർമാരെക്കാൾ നേട്ടം ലഭിക്കുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

പി. എസ്. സിയെ നവീകരിക്കാന്‍ നടപടി

1820 ശ്രീ. മോന്‍സ് ജോസഫ്
'' സി. എഫ്. തോമസ്
'' റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍വ്വകലാശാല നിയമനങ്ങള്‍ ഉള്‍പ്പെടെയുള്ള പുതിയ ജോലിഭാരം കേരളാ പബ്ലിക് സര്‍വ്വീസ് കമ്മീഷന് ഉണ്ടാകുന്നത് പരിഗണിച്ച് അധിക ജീവനക്കാരെ നല്കുന്നതുള്‍പ്പെടെ പി. എസ്. സിയെ നവീകരിക്കാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പി. എസ്. സിയുടെ ജോലിഭാരം കണക്കിലെടുത്ത് കൂടുതല്‍ സൗകര്യങ്ങള്‍ പി. എസ്. സിക്ക് നല്കുന്നതിന് നടപടികള്‍ ഉണ്ടാകുമോ;

(സി) പി. എസ്. സിക്ക് താലൂക്ക്തല ഇന്‍ഫര്‍മേഷന്‍ ഓഫീസുകള്‍ ആരംഭിക്കുന്നതിന് നടപടികള്‍ ഉണ്ടാകുമോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>ക്വസ്റ്റ്യൻ ബാങ്ക് - കം - ഓൺലൈൻ എക്സാമിനേഷൻ സംവിധാനം</u>

1821 ശ്രീ. ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ
,, എം. എ. വാഹിദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരീക്ഷാ സമ്പ്രദായങ്ങളിൽ സമൂലമായ മാറ്റം വരുത്തുന്നതിലേയ്ക്കായി എന്തെല്ലാം തയ്യാറെടുപ്പുകളാണ് പി. എസ്. സി. നടത്താനുദ്ദേശിക്കുന്നത് ;

(ബി) ഇതിനായി ക്വസ്റ്റ്യൻ ബാങ്ക് - കം - ഓൺലൈൻ എക്സാമിനേഷൻ സംവിധാനം തയ്യാറാക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(സി) ഇതിനായി ഇതുവരെ എന്തെല്ലാം നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>പി. എസ്. സിയിലെ കാൾ സെന്ററുകൾ</u>

1822 ശ്രീ. ബെന്നി ബെഹനാൻ
'' അൻവർ സാദത്ത്
'' ആർ. സെൽവരാജ്
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സിയിലെ കാൾസെന്ററുകളുടെ ഉദ്ദേശലക്ഷ്യവും പ്രവർത്തനരീതികളും എന്തൊക്കെയാണ്;

(ബി) കാൾ സെന്ററുകൾ വഴി എന്തെല്ലാം സേവനങ്ങളാണ് ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നത്;

(സി) കാൾ സെന്ററുകളുടെ എല്ലാ ലൈനുകളും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത കോൾ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>ഓൺലൈൻ പി. എസ്. സി പരീക്ഷകൾ</u>

1823 ശ്രീ. സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, സണ്ണി ജോസഫ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി പരീക്ഷകൾ ഓൺലൈനായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതിനായി എന്തെല്ലാം ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട്;

(സി) എന്നു മുതലാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) ആദ്യഘട്ടത്തിൽ ഉദ്യോഗാർത്ഥികൾ കുറവായിട്ടുള്ള തസ്തികയിലേക്ക് ഓൺലൈനായി പരീക്ഷ നടത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

വിവിധ തസ്തികകളുടെ യോഗ്യതാ
മാനദണ്ഡത്തിലെ മാറ്റം

1824 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ തസ്തികകളുടെ യോഗ്യതാ മാനദണ്ഡത്തിലെ മാറ്റം, നിലവിലുള്ള നിയമനങ്ങളെ ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് പി.എസ്.സി. സ്വീകരിച്ചിട്ടുള്ളത്;

(ബി) പുതുക്കിയ സംവിധാനം മൂലം ഉദ്യോഗാർത്ഥികൾക്കുണ്ടായ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>റാങ്ക്ലിസ്റ്റുകൾ യഥാസമയം പ്രസിദ്ധീകരിക്കുവാൻ നടപടി</u>

1825

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എഴുത്തുപരീക്ഷകളും ഇന്റർവ്യൂകളും കഴിഞ്ഞ് ഒരു വർഷം പിന്നിട്ടിട്ടും പ്രസിദ്ധീകരിക്കാത്ത പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം റാങ്ക്ലിസ്റ്റുകളാണെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കിയിട്ടും റാങ്ക്ലിസ്റ്റുകൾ യഥാസമയം പ്രസിദ്ധീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനും റാങ്ക്ലിസ്റ്റുകൾ യഥാസമയം പ്രസിദ്ധീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>പി. എസ്. സി നിയമനം</u>

1826 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പേർക്ക് പി. എസ്. സി വഴി അഡ്വൈസ് നൽകി നിയമനം നൽകി എന്ന് ഡിപ്പാർട്ട്മെന്റ് തിരിച്ച് ലഭ്യമാക്കുമോ;

(ബി) അലോപ്പതി ഡോക്ടർമാരുടെ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശയാണ് ഡിപ്പാർട്ട്മെന്റിന് സർക്കാർ പരിഗണനയ്ക്കായി സമീപിച്ചിട്ടുള്ളത്; അത് എന്നത്തേക്ക് നിയമിക്കാനാവും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

വികലാംഗർക്ക് ലഭിക്കേണ്ട സർക്കാർ നിയമന

1827 ശ്രീ. സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് ലഭിക്കേണ്ട സർക്കാർ നിയമനം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വികലാംഗർക്ക് അർഹമായ മുഴുവൻ ഒഴിവുകളിലേക്കും നിയമനം നടത്തുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ നിയമനങ്ങളിലും വികലാംഗ സംവരണം നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയിലെ നിയമനങ്ങളിൽ സംവരണതത്വം**

1828 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയിലെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നു എന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) നിലവിലുള്ള സംവിധാനത്തിലെ പോരായ്മകൾ തീർക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇവ പരിശോധിക്കുന്നതിന് ജനപ്രതിനിധികളടങ്ങുന്ന ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഇവ എത്ര പ്രാവശ്യം ഈ വർഷം യോഗം ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) യൂണിവേഴ്സിറ്റി നിയമനങ്ങൾ പി.എസ്.സിക്ക് വിടുന്നതിന് തീരുമാനമെടുക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

വയനാട് എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ്

1829 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ യു.ഡി ടൈപ്പിസ്റ്റ്, ഫെയർകോപ്പി സൂപ്രണ്ട് എന്നീ തസ്തികകളിൽനിന്നും 2012 ഏപ്രിൽ മുതൽ 30–11–2012 വരെ എത്ര പേർ സർവ്വീസിൽ നിന്നും വിരമിച്ചു എന്ന് വകുപ്പ് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും മേൽപറഞ്ഞ തസ്തികയിലുള്ള എത്രപേർ വിരമിച്ചുവെന്ന് വകുപ്പ് തിരിച്ച് വിവരം ലഭ്യമാക്കുമോ;

(സി) 01–01–2012 മുതൽ 30–11–2012 വരെ യു.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും യു.ഡി.ക്ലാർക്കായി എത്ര പേർക്ക് തസ്തികമാറ്റം ലഭിച്ചുവെന്ന് ഹെഡ്ക്വാർട്ടേഴ്സ് ഉൾപ്പെടെ വകുപ്പ് തിരിച്ച് വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>പി. എസ്. സി. ഡെപ്യൂട്ടി കളക്ടർ തസ്തികയിലെ</u>
<u>പി. എസ്. സി. നിയമനം</u>

1830

ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ജൂലൈ 16 - ന് പി. എസ്. സി. നടത്തിയ ഡെപ്യൂട്ടി കളക്ടർ (റവന്യൂ വകുപ്പ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ഫലം പ്രസിദ്ധീകരിക്കുന്നതിനുള്ള നിയമപരമോ, സാങ്കേതികമോ ആയ കാരണങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പരീക്ഷയുടെ ഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഇ) ഏറ്റവും ഒടുവിൽ പ്രസ്തുത തസ്തികയിൽ നിയമനം നൽകുന്നതിന് പി. എസ്. സി. അഡ്വൈസ് ചെയ്ത തീയതി ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത അഡ്വൈസ് പ്രകാരമുള്ള റൊട്ടേഷൻ ഏത് ഘട്ടത്തിലാണ്; പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>ഹോമിയോ മെഡിക്കല്‍ ഓഫീസര്‍മാരുടെ നിയമനം</u>

1831 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഹോമിയോ മെഡിക്കല്‍ ഓഫീസര്‍മാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റില്‍ നിന്നും നാളിതുവരെ എത്ര പേര്‍ക്ക് നിയമനം നല്‍കി;

(ബി) ഹോമിയോ വകുപ്പിലുണ്ടായിട്ടുള്ള ഹോമിയോ മെഡിക്കല്‍ ഓഫീസര്‍മാരുടെ ഒഴിവുകള്‍ യഥാസമയം പി.എസ്.സിക്ക് റിപ്പോര്‍ട്ട് ചെയ്യാത്തത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) പി.എസ്.സി. ലിസ്റ്റ് നിലവിലിരിക്കെ ഹോമിയോ മെഡിക്കല്‍ ഓഫീസര്‍മാരുടെ ഒഴിവുവരുന്ന തസ്തികയിലേക്ക ്ദിവസവേതനാടിസ്ഥാനത്തില്‍ നിയമനം നടത്തുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഹോമിയോ മെഡിക്കല്‍ ഓഫീസര്‍മാരുടെ ഒഴിവുകളിലേക്ക് നിലവിലുള്ള പി.എസ്.സി. ലിസ്റ്റില്‍ നിന്നും നിയമനം നല്‍കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>തസ്തികമാറ്റം വഴിയുള്ള എൽ.ഡി. ക്ലർക്ക് നിയമനം</u>

1832 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തസ്തികമാറ്റം വഴിയുള്ള എൽ.ഡി. ക്ലർക്ക് നിയമനത്തിനായി തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള പി. എസ്.സി റാങ്ക് ലിസ്റ്റിൽ ഏത് റാങ്ക് വരെയുള്ളവർക്കാണ് നിയമനം ലഭിച്ചിട്ടുള്ളത് ; ഇതി എത്ര പേരാണ് ലിസ്റ്റിൽ അവശേഷിക്കുന്നത് ; വിശദമാക്കാമോ ;

(ബി) തസ്തികമാറ്റം വഴി എൽ.ഡി. ക്ലർക്ക് നിയമനം നൽകാൻ സ്വീകരിക്കുന്ന സംവരണക്രമം വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (കോമേഴ്സ്) സീനിയർ & ജൂനിയർ, നോൺ വൊക്കേഷണൽ ടീച്ചർ തസ്തികകളിലേയ്ക്ക് നടത്തിയ പി.എസ്.സി. പരീക്ഷ

1833 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (കോമേഴ്സ്) സീനിയർ & ജൂനിയർ, നോൺ വൊക്കേഷണൽ ടീച്ചർ തസ്തികകളിലേയ്ക്ക് 27.6.2012–ൽ പി.എസ്.സി. പരീക്ഷ നടത്തിയിരുന്നുവോ;

(ബി) മുൻകാലങ്ങളിൽ മേൽപ്പറഞ്ഞ തസ്തികകളിലേക്ക് പ്രത്യേകമായി പരീക്ഷ നടത്തിയിരുന്നത് ഒഴിവാക്കി ഇപ്പോൾ ഒറ്റ പരീക്ഷയായി നടത്തുവാൻ ഉണ്ടായ സാഹചര്യം എന്താണ് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പരീക്ഷ നടത്തുന്ന സമയത്ത് നിശ്ചിത യോഗ്യത ഇല്ലാത്തവരും യു.ജി.സി സ്കെയിലിൽ ലക്ച്ചറർ പോസ്റ്റിൽ ജോലിനോക്കുന്നവരും മേൽ തസ്തികയിലേക്കുള്ള പരീക്ഷയിൽ പങ്കെടുത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ സാഹചര്യത്തിൽ അനർഹരായവർ ചുരുക്കപ്പട്ടികയിൽ കടന്നുകൂടുവാൻ സാഹചര്യമുള്ളതിനാൽ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ സൂക്ഷ്മപരിശോധന നടത്തി ഉദ്യോഗാർത്ഥികളുടെ ആശങ്ക ദൂരീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

ഹയർ സെക്കണ്ടറി സ്ക്കൂൾ ടീച്ചർ നിയമനത്തിന് യോഗ്യതാ പരീക്ഷയുടെ അടിസ്ഥാനത്തിൽ വെയിറ്റേജ് നൽകുന്ന നടപടി

1834 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. മുഖേന ഹയർ സെക്കണ്ടറി സ്ക്കൂൾ ടീച്ചർ നിയമനത്തിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ യോഗ്യതാപരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ വെയിറ്റേജ് മാർക്ക് നല്കുന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വെയിറ്റേജ് മാർക്ക് നല്കുന്നതിലുള്ള അപാകതകൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വിശദമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>കെ.എസ്.ആര്‍.ടി.സി. കണ്ടക്ടര്‍, കെ.എസ്.ഇ.ബി. മസ്ദൂര്‍ റാങ്ക് പട്ടികകള്‍</u>

1835 ശ്രീ. സി.എഫ്. തോമസ്
,, റ്റി.യു. കുരുവിള
,, മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി. കണ്ടക്ടര്‍, കെ.എസ്.ഇ.ബി. മസ്ദൂര്‍ തുടങ്ങിയ തസ്തികകളിലേക്കുള്ള റാങ്ക് ലിസ്റ്റുകള്‍ പ്രസിദ്ധീകരിക്കാത്തതിന്റെ കാരണങ്ങള്‍ എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) രണ്ട് തസ്തികയിലും എത്ര ഒഴിവുകള്‍ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളില്‍ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് എന്നുമുതല്‍ നിയമനം നടത്തുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി ഡ്രൈവർ തസ്തികയിലേക്കുള്ള നിയമനം

T1836 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിലേക്കുള്ള നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണ് ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തസ്തികയിലേക്കുള്ള എഴുത്തു പരീക്ഷയിൽ റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തിയതുമൂലം അയോഗ്യരാക്കപ്പെട്ടവരെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താൻ പി.എസ്.സി. നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഡി) അയോഗ്യരാക്കപ്പെട്ടവരെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട സാഹചര്യം വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

1837 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്, പി.എസ്.സി., ലോക്കൽ ഫണ്ട് ആഡിറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ് എന്നിവിടങ്ങളിൽ നിലവിൽ അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വകുപ്പ് തിരിച്ചുളള ഒഴിവിന്റെ എണ്ണം വ്യക്തമാക്കാമോ;

(ബി) ഒഴിവുകൾ റിപ്പോർട്ടു ചെയ്താൽ നിലവിലുളള സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് ലിസ്റ്റിൽ നിന്നും നിയമനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നിലവിലുളള റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ വകുപ്പിൽ അസി: എഞ്ചിനിയർ (സിവിൽ) തസ്തികയിലേയ്ക്കുള്ള നിയമനങ്ങൾ</u>

1838 ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിലെ അസി: എഞ്ചിനിയർ (സിവിൽ) തസ്തികയിലേയ്ക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത തസ്തികയിലേക്ക് നിയമന ശുപാർശ അയക്കേണ്ടത് ഏത് പി.എസ്.സി ഓഫീസിൽ നിന്നാണ് ;

(സി) നിയമന ശുപാർശ അയക്കുവാൻ എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് റിപ്പോർട്ട് ചെയ്ത എല്ലാ ഒഴിവുകളിലേക്കും നിയമന ശുപാർശ അയക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ</u>

1839 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. യിലെ ജീവനക്കാരുടെ എണ്ണത്തിൽ കുറവു വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര റാങ്ക് ലിസ്റ്റുകൾ മരവിപ്പിക്കുകയുണ്ടായി ; വിശദമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ എത്ര റാങ്ക് ലിസ്റ്റുകൾ റദ്ദുചെയ്യുകയുണ്ടായി ; വിശദമാക്കുമോ ;

(ഡി) സമയബന്ധിതമായി റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

താത്കാലിക നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്തുവാൻ നടപടി

1840 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1991-2001 ന് ഇടയ്ക്ക് ജോലി ചെയ്തതും 179 ദിവസം പൂർത്തിയാക്കിയതുമായ താത്കാലിക വികലാംഗ നിയമന പ്രകാരം ജോലിചെയ്തവരെ നിയമിച്ചാൽ, വികലാംഗ നിയമനത്തിൽ 3% സംവരണം ഏർപ്പെടുത്തിയതിന്റെ ബാക്ക് ലോഗ് നികത്താനാകുമോ ;

(ബി) വികലാംഗരുടെ നിയമനങ്ങളിൽ പട്ടികജാതി-പട്ടിക വർഗ്ഗക്കാരായിട്ടുള്ളവർക്ക് നിയമനങ്ങളിൽ മുൻഗണ നൽകത്തക്ക നിലയിൽ 2001ന് ശേഷം ജോലി നല്കിയിട്ടുള്ള വികലാംഗർക്ക് പ്രത്യേക പരിഗണന നൽകുമോ;

(സി) പ്രമുഖകവയിത്രിയും വിവിധ അവാർഡ് ജേതാവും പോസ്റ്റ്ഗ്രാജുവേറ്റും പട്ടികജാതിക്കാരിയുമായ രമ്യ, തുറവൂർ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിലെ ചേർത്തല ഓഫീസിൽ 179 ദിവസപ്രകാരം രണ്ട് തവണ ഇടവിട്ട് ജോലി ചെയ്തത് പരിഗണിച്ച് ബഹു. മുഖ്യമന്ത്രിക്ക് നൽകിയിട്ടുള്ള അപേക്ഷയിന്മേൽ സ്ഥിരനിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

അന്തർ സംസ്ഥാന ജല ഉപദേശക സമിതി

T 1841 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന ജല ഉപദേശക സമിതിയിലെ മുതിർന്ന അംഗം രാജിവെച്ചിട്ടുണ്ടോ;

(ബി) മുല്ലപ്പെരിയാർ ഉൾപ്പെടെയുള്ള പ്രശ്നങ്ങളിൽ സർക്കാർ ഉദാസീനത കാണിക്കുന്നതായ അദ്ദേഹത്തിന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

ജിഷാ മാത്യുവിന് സഹായം

1842 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോ സൾഫാൻ ദുരന്തഭൂമിയിൽ അർബുദം ബാധിച്ച് ആന്തരികാവയങ്ങൾ ഒന്നൊന്നായി മുറിച്ചുമാറ്റപ്പെട്ട കാസർഗോഡ് ജില്ലയിലെ ബെളളൂർ ഗ്രാമപഞ്ചായത്തിലെ ജിഷാ മാത്യുവിന് മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയിൽ വച്ച് വീട് നിർമ്മിച്ചു നൽകുമെന്നും ധനസഹായം അനുവദിക്കുമെന്നും പ്രഖ്യാപിച്ചപ്രകാരം എന്തൊക്കെ സഹായങ്ങളാണ് അനുവദിച്ചിട്ടുളളത്; വിശദമാക്കുമോ;

(ബി) ജിഷാ മാത്യുവിന് വീട് വെച്ചു നൽകണമെന്നും സഹായം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ഏതൊക്കെ രാഷ്ട്രീയ സന്നദ്ധ സംഘടനകളിൽ നിന്നാണ് നിവേദനം ലഭിച്ചിട്ടുളളത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി</u>

1843 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നന്നും 2012 വർഷത്തിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെട്ടവർക്ക് എത്ര രൂപ സഹായമായി അനുവദിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തുകയിൽ എന്തു തുക നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്;

(സി) ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന തുക പരമാവധി ഒരു മാസത്തിനുളളിൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

1844 ശ്രീ. പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച തുക നിയോജകമണ്ഡലം തിരിച്ച് എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം

1845 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ അധികാരമേറ്റ ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും എത്ര പേർക്ക് ധനസഹായം ലഭ്യമായെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>ചികിത്സയ്ക്ക് ദുരിതാശ്വാസ ധനസഹായം</u>
<u>അനുവദിക്കുന്നതിലെ കാലതാമസം</u>

1846 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായത്തുക ലഭിക്കുന്നതിന് എത്ര കാലതാമസം വേണ്ടി വരുന്നുണ്ട്;

(ബി) ദുരിതാശ്വാസ നിധിയിലേയ്ക്ക് കഴിഞ്ഞ രണ്ടുവർഷക്കാലം സ്വരൂപിച്ച തുകയുടെ കണക്ക് വെളിപ്പെടുത്താമോ;

(സി) ക്യാൻസർ, ഹൃദയസംബന്ധമായ രോഗങ്ങൾ തുടങ്ങിയ സാമ്പത്തിക ചെലവ് ഏറെ ആവശ്യമുള്ളതുമായ രോഗങ്ങൾക്കും മറ്റ് സാധാരണ രോഗങ്ങൾക്കും ദുരിതാശ്വാസ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം ഒരേ തരത്തിലാണോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>മഞ്ചേരി (മലപ്പുറം) മണ്ഡലത്തിൽ വിതരണം ചെയ്ത ദുരിതാശ്വാസ സഹായത്തിന്റെ വിശദാംശം</u>

1847 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മുതൽ 2012 നവംബർ വരെയുള്ള കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മഞ്ചേരി (മലപ്പുറം) മണ്ഡലത്തിൽ വിതരണം ചെയ്ത ദുരിതാശ്വാസ സഹായത്തിന്റെ വിശദാംശം നൽകുമോ ;

(ബി) വ്യക്തിഗതവിവരങ്ങൾ ഉൾപ്പെടെയുള്ള വിശദമായ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

പൊന്നാനി കടൽക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ നടപടി

1848 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിൽ കടൽ ക്ഷോഭത്തിൽ 30 ഓളം വീടുകളും ഭൂമിയും നഷ്ടമായവർക്ക് ദുരിതാശ്വാസനിധിയിൽ നിന്ന് വീടും സ്ഥലവും ലഭ്യമാക്കാൻ ധനസഹായം അനുവദിക്കാനാവില്ല എന്ന നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടോ;

(ബി) കടൽ ക്ഷോഭത്തെ എന്തുകൊണ്ടാണ് പ്രകൃതി ക്ഷോഭത്തിൽ ഉൾപ്പെടുത്താൻ കഴിയാത്തത്;

(സി) പൊന്നാനിയിൽ ഭൂമിയും, വീടും നഷ്ടപ്പെട്ടവർക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് നടപ്പാക്കുവാൻ നടപടിയെടുക്കമോ;

(ഡി) ദുരിതബാധിതരെ എങ്ങിനെയാണ് പുനരധിവസിപ്പിക്കേണ്ടത് എന്ന് വിശദമാക്കാമോ;

(ഇ) ദുരിതാശ്വാസ ക്യാമ്പുകളിൽ നരകജീവിതം നയിക്കുന്നവർക്ക് എന്നാണ് വീട് വെച്ച് നൽകാൻ കഴിയുക എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

പറമ്പിക്കുളം-ആളിയാർ പ്രോജക്ട് കരാർ

1849 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളവും തമിഴ്നാടും തമ്മിലുള്ള പറമ്പിക്കുളം-ആളിയാർ പ്രോജക്ട് കരാർ പ്രകാരം കേരളത്തിന് അവകാശപ്പെട്ട വെള്ളം ലഭ്യമാക്കുന്നതിനും വർഷത്തിൽ 2 തവണ സെപ്തംബർ ഒന്നിനും ഫെബ്രവരി ഒന്നിനും കേരളത്തിലെ ലോവർ ഷോളയാർ ഡാം പൂർണ്ണമായി നിറയ്ക്കുന്നതിനും ഉള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോ;

(ബി) പ്രസ്തുത വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ?